**കേരള സർക്കാർ**

**സംഗ്രഹം**

ക്വിറ്റ് ഇന്ത്യ സമരത്തിന്റെ സ്മാരകമായ ചേമഞ്ചേരി സബ്-രജിസ്ട്രാർ ഓഫീസ് പുതുക്കി പണിത് സംരക്ഷിക്കുന്നതിനായ് ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 3137/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 13.12.2018

പരാമർശം :- 1. ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 16.03.2015 ലെ 28/15 -ാം നമ്പർ, 06.01.2016 ലെ 51/16-ാം നമ്പർ തീരുമാനങ്ങൾ..

2. ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.08.2016 ലെ അപേക്ഷ.

3. ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2018 ലെ എ 3-599/18 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള, രജിസ്ട്രാർ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിന്, പരാമർശം (1) പ്രകാരം ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട്, സർക്കാർ അനുമതിയ്ക്കായി, പരാമർശം (2) പ്രകാരം ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് 2007-08 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച്, ചരിത്രസ്മാരകം സംരക്ഷിക്കൽ പദ്ധതി പ്രകാരം, മലബാറിന്റെ ക്വിറ്റ് ഇന്ത്യ പ്രക്ഷോഭത്തിന്റെ സ്മാരകമായി ചേമഞ്ചേരി സബ് - രജിസ്ട്രാർ ഓഫീസ് സംരക്ഷിക്കപ്പെടുന്നതിന് ഉദ്ദേശിച്ച് വാങ്ങിയ, ചേമഞ്ചേരി വില്ലേജ്, റീസർവ്വെ നമ്പർ 124/4 ബി - യിൽപ്പെട്ട 16.16 സെന്റ് സ്ഥലത്ത് നിന്നും 7.5 സെന്റ് സ്ഥലമാണ് രജിസ്ട്രേഷൻ വകുപ്പിന് കൈമാറേണ്ടത് എന്ന് പരാമർശം (3) പ്രകാരം ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് അറിയിക്കുകയുണ്ടായി.

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള , കൊയിലാണ്ടി താലൂക്ക്, ചേമഞ്ചേരി വില്ലേജ്, റീസർവ്വെ നമ്പർ 124/4 ബി - യിൽപ്പെട്ട 16.16 സെന്റ് സ്ഥലത്ത് നിന്നും 7.5 സെന്റ് സ്ഥലം ക്വിറ്റ് ഇന്ത്യ സമരത്തിന്റെ സ്മാരകമായി ചേമഞ്ചേരി സബ് - രജിസ്ട്രാർ ഓഫീസ് പുതുക്കി പണിത് സംരക്ഷിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിന് 2005 ലെ കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങളിലെ , ചട്ടം 3 (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് റിയാസ്**

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ദാസൻ എം.എൽ.എ., (കൊയിലാണ്ടി) [ആമുഖ കത്ത് സഹിതം].

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി , ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.

നികുതി വകുപ്പ് (19.07.2017 ലെ TAXES-E3/136/2017-TAXES നമ്പർ അനൗദ്യോഗിക ഫയൽ പ്രകാരം).

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ